**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** **27-06-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകി പ്രസ്തുത മേഖലയിലെ സ്വകാര്യ കച്ചവടക്കാരുടെ കടന്നുകയറ്റവും അമിതവില ഈടാക്കലും നിയന്ത്രിക്കുന്നതിനും അതോടൊപ്പം ഗുണനിലവാരമുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനുമായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയതും ഈ സർക്കാർ നടത്തിവരുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകി പ്രസ്തുത മേഖലയിലെ സ്വകാര്യ കച്ചവടക്കാരുടെ കടന്നുകയറ്റവും അമിത വില ഈടാക്കലും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ എല്ലാ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവകാലങ്ങളിലും പുതിയ അധ്യയനവർഷാരംഭത്തിലും പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1630 ഔട്ട് ലെറ്റുകളിലേയ്ക്ക് രണ്ടര മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോകളിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥലസൗകര്യം, ഫണ്ടിന്റെ ലഭ്യത, കമ്പോള നിലവാരം എന്നിവ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ/NAFED മുഖേന അരി ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകളിലൂടെ വില്പന നടത്തുന്നുണ്ട്.<br><br>സപ്ലൈകോ കൈകാര്യം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്കെല്ലാം ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ, അഗ്മാർക്ക്, ഇൻഡ്യൻ |

| | | | |
|---|---|---|---|
| | | | Standards(BIS), FCI Standards എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. ഡിപ്പോകളിൽ വിതരണത്തിനെത്തിക്കുന്ന ഭക്ഷ്യ വസ്തുക്കൾക്ക് നിശ്ചയിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചാണ് സ്വീകരിക്കുന്നത്.<br><br>ക്വാളിറ്റി സംബന്ധിച്ച പരാതി ലഭിക്കുന്ന അവസരങ്ങളിൽ വസ്തുതകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ ഓരോ ജില്ലയിലേയും Quality Assurance Officer-മാർ സപ്ലൈകോ വില്പന ശാലകളിൽ നിന്നും ഭക്ഷ്യവസ്തുക്കളുടെ Sample-കൾ പരിശോധിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. |
| (ബി) | സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തുന്നതോടൊപ്പം കാർഷികോല്പന്നങ്ങളും ശേഖരിച്ച് കുറഞ്ഞ വിലയിൽ ജനങ്ങൾക്കു നൽകുവാനും അതുവഴി സ്വകാര്യ കുത്തകകളുടെ കടന്നുകയറ്റം ഒഴിവാക്കാനും കർഷകർക്ക് ന്യായവില ഉറപ്പാക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ നിബന്ധനകൾക്കു വിധേയമായി കർഷകർക്ക് ന്യായവില ഉറപ്പാക്കി കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്തു വരുന്നുണ്ട്. |
| (സി) | പൊതുവിപണിയിലെ വിലക്കയറ്റം തടയുവാൻ നടത്തിവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, |

| | | | |
|---|---|---|---|
| | | | ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ്, ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ